പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ. 677 — 06.02.2013 ൽ മറുപടിയ്ക്ക്

## സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപ്പക്സിന്റെയും കീഴിലുള്ള ഫാക്ടറികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി. ദിവാകരൻ<br>ശ്രീ.കെ. രാജു<br>ശ്രീ. ജി.എസ്സ്. ജയലാൽ<br>ശ്രീ. ചിറ്റയം ഗോപകുമാർ | ശ്രീ.പി.കെ. കുഞ്ഞാലിക്കുട്ടി<br>( വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപ്പക്സിന്റെയും കീഴിൽ ഇപ്പോൾ എത്ര ഫാക്ടറികൾ വീതമുണ്ടെന്ന് വെളിപ്പെടുത്തുമോ; | (എ) കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിൽ 30 കശുവണ്ടി ഫാക്ടറികളും കാപ്പക്സിന്റെ കീഴിൽ 10 ഫാക്ടറികളുമാണ് ഇപ്പോൾ നിലവിലുള്ളത്. |
| (ബി) കോർപ്പറേഷന്റെ കീഴിലുള്ള ഫാക്ടറികളിൽ സ്വകാര്യ ഉടമസ്ഥതയിൽ തന്നെ നിലനിൽക്കുന്ന എത്ര ഫാക്ടറികളുണ്ട്; കോർപ്പറേഷൻ വാടകയ്ക്ക് എടുത്ത് നടത്തുന്ന എത്ര ഫാക്ടറികളുണ്ട്; | (ബി) കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിലുള്ള 30 ഫാക്ടറികളിൽ 10 എണ്ണം സ്വന്തം ഫാക്ടറികളും 20 എണ്ണം സ്വകാര്യ ഉടമസ്ഥതയിൽ നിലനിൽക്കുന്ന വാടക ഫാക്ടറികളുമാണ്. |
| (സി) കശുവണ്ടി ഫാക്ടറികളിൽ ഇപ്പോൾ അടഞ്ഞു കിടക്കുന്നവയുണ്ടോ; ഉണ്ടെങ്കിൽ കോർപ്പറേഷന്റേയും കാപ്പക്സിന്റെയും എത്ര ഫാക്ടറികൾ വീതം അടഞ്ഞു കിടപ്പുണ്ട്; ഈ ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് എന്തു നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വിശദമാക്കാമോ ? | (സി) കശുവണ്ടി വികസന കോർപ്പറേഷന്റെ 30 ഫാക്ടറികൾ പ്രവർത്തന മൂലധനത്തിൻെറ അപര്യാപ്തതമൂലം കഴിഞ്ഞ മൂന്നു മാസമായി അടഞ്ഞു കിടക്കുകയാണ്. കശുവണ്ടി വികസന കോർപ്പറേഷന് ബഡ്ജറ്റിൽ അനുവദിച്ച മുഴുവൻ തുകയും നൽകിക്കഴിഞ്ഞതിനാൽ 4.2.2013 തീയതി മുതൽ ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി കൾ സ്വീകരിച്ചിട്ടുണ്ട്. |

കാപ്പക്സിൻെറ അധീനതയിലുള്ള ചെങ്ങമനാട് ഫാക്ടറിയിൽ പീലിംഗ്, ഗ്രേഡിംഗ് ഷെഡ്ഡുകളിൽ മാറ്റം വരുത്തുന്നതിനായി ജനുവരി രണ്ടാം പാദം മുതൽ ജോലി നിർത്തിവച്ചിരി ക്കുകയാണ്. എന്നാൽ തുടർ പ്രവർത്തനത്തിനാവശ്യമായ തോട്ടണ്ടി സംഭരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ